"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്- ജീവനക്കാര്യം-ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. സിബിൻ രാജന്റെ നിയമനത്തിനായുള്ള കാത്തിരിപ്പ് കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.674/2025/LSGD തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-
1. 06.12.2024 ൽ ശ്രീ.സിബിൻ രാജൻ സമർപ്പിച്ച അപേക്ഷ
2. സ.ഉ(സാധാ) 2479/2024/തസ്വഭവ തീയതി. 17.12.2024
3. 20.12.2024-ലെ ശ്രീ.സിബിൻ രാജന്റെ സമർപ്പണം
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.01.2025 തീയതിയിലെ LSGD/PD/43897/2024-DEA5 നമ്പർ കത്ത്

**ഉത്തരവ്**

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ ഡെപ്യൂട്ടേഷൻ കാലാവധി 05.12.2024-ന് അവസാനിച്ചതിനെത്തുടർന്ന് പരാമർശം (1) പ്രകാരം വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ. സിബിൻ രാജനെ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിഭാഗത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായി നിയമിച്ച് ഉത്തരവായിരുന്നു.

ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനെ തുടർന്ന് യഥാസമയം മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നെന്നും, പ്രസ്തുത കാലയളവിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ഒഴിവ് നിലവിലുണ്ടായിരുന്നതിനാൽ നിയമനത്തിനായി കാത്തു നിന്ന 06.12.2024 മുതൽ 17.12.2024 വരെയുള്ള 12 ദിവസ കാലയളവ് ക്രമീകരിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. സിബിൻ രാജൻ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം(4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി

അതോറിറ്റിയിൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് 06.12.2024 പൂർവ്വാഹ്നത്തിൽ വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്യുകയും 18.12.2024 പൂർവ്വാഹ്നത്തിൽ മാതൃവകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് നിയമനം നൽകുകയും ചെയ്തിട്ടുള്ള ശ്രീ. സിബിൻ രാജൻ അന്യത്ര സേവനം അവസാനിപ്പിച്ച് വകുപ്പിൽ നിയമനത്തിനായി കാത്തു നിന്ന 06.12.2024 മുതൽ 17.12.2024 വരെയുള്ള 12 ദിവസ കാലയളവ് കെ.എസ്. ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമവത്ക്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തദ്ദേശ സ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം
ശ്രീ.സിബിൻ രാജൻ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
Date: 11-03-2025 14:07:22
സെക്ഷൻ ഓഫീസർ